# Blue Lillies



## G h s Nellarachal

## Digital Magazine

# ആമുഖം


വിവര സാങ്കേതിക വിദ്യയുടെ
വിഹായസ്സിലേക്ക് പറന്നുയരുന്ന
എല്ലാ കുട്ടി പട്ടങ്ങൾക്കും ജി എച്ച്
എസ് നെല്ലാറച്ചാൽ ലിറ്റിൽ കൈറ്റ്സ്
വിനയപൂർവം സമർപ്പിക്കുന്നു .... ഇനിയും
അതിരുകളില്ലാതെ പറന്നുയരാം

# ഗവ : ഹൈസ്കൂൾ നെല്ലാറച്ചാൽ

നെല്ലാറച്ചാൽ പി ഒ , അമ്പലവയൽ , വയനാട് -673593

| | |
|---|---|
| ജില്ല | : വയനാട് |
| താലൂക്ക് | : സുൽത്താൻ ബത്തേരി |
| പഞ്ചായത്ത് | : അമ്പലവയൽ |
| സ്ഥാപിതം | : 1890 |
| ക്ലാസുകൾ | : I – X |
| പ്രധാനാധ്യാപകൻ | : ശ്രീ ബാലകൃഷ്ണൻ പി കെ |
| പി ടി എ പ്രസിഡന്റ് | : ശ്രീ സെനു ടി ബി |
| ആകെ വിദ്യാർത്ഥികൾ | : 415 |

4.

# ആശംസ



സാധ്യതകളുടെ വലിയ ലോകം വിദ്യാർത്ഥികൾക്ക് മുന്നിൽ തുറന്നിടുന്ന സാങ്കേതിക വിദ്യയുടെ ജാലകത്തിലൂടെ അറിവും , മികവും വളരട്ടെ .ഒപ്പം പരിമിതികളില്ലാത്ത ലോകവും ,  വിവേചനങ്ങളില്ലാത്ത മനസ്സുകളും . ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നെല്ലാറച്ചാലിനും , മാഗസിന്റെ പിന്നണിയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും , അധ്യാപകർക്കും , സഹപ്രവർത്തകർക്കും ആശംസകളോടെ ..

ബാലകൃഷ്ണൻ പി കെ
പ്രധാനാധ്യാപകൻ
ജി എച്ച് എസ് നെല്ലാറച്ചാൽ

# പിന്നണി

ചീഫ് എഡിറ്റർ : ജെസ്ന T T

സബ് എഡിറ്റർ : ഷാനി P G

സ്റ്റുഡൻറ് എഡിറ്റർ : അഫ്ലാസ് അലി

എഡിറ്റോറിയൽ ബോർഡ് : അനരഞ്ജ് എം വി
അതുൽ പി എസ്
ഇന്ദുബാല എൻ കെ
അഭിഷേക് ജോയ്
അയന എം എസ്
ദിബിൻ എൻ പി

കവർ ഫോട്ടോ : ശ്രീജിത്ത് വി എം

## ഉള്ളടക്കം

1.തിരിച്ചറിയുക ... നിന്നെ നിന്റെ കഴിവിനെ .

2.ഒരു കഥ കേട്ടാലോ ?

3.നെല്ലാറച്ചാലിന്റെ ചരിത്രം

4.കടങ്കഥ

5.മഴ ഒരു വരം

6.എന്റെ 'അമ്മ

7.പുസ്തക പരിചയം

8.'അമ്മ

9.എന്റെ വീട്

10. പ്രണയപർവം

11.ഫോട്ടോ ഗാലറി

12. യങ്  മൈൻഡ്സ്

# തിരിച്ചറിയുക , നിന്നെ ... നിന്റെ കഴിവിനെ

- അതുൽ കെ എസ്



ഒരു കൽപ്പണിക്കാരൻ പണിയെടുത്തുകൊണ്ടിരിക്കുകയായിരുന്നു . അയാൾ ധനികനായ ഒരു കച്ചവടക്കാരനെ കണ്ടു . അയാൾ , അയാൾ തന്നെയും ഒരു ധനികനായ കച്ചവടക്കാരനാക്കണമേയെന്നു ദൈവത്തോട് പ്രാർത്ഥിച്ചു . ദൈവം അത് സാധിച്ചു കൊടുത്തു .

പിന്നീട് , കൽപ്പണിക്കാരൻ ഒരു വലിയ ഉദ്യോഗസ്ഥനെ കണ്ടു . അയാൾ ഒരു ഉദ്യോഗസ്ഥൻ ആകാൻ പ്രാർത്ഥിച്ചു . ദൈവം അതും സാധിച്ചു കൊടുത്തു . ഒരിക്കൽ സൂര്യന്റെ ചൂട് സഹിക്കാനാകാതെ വന്നപ്പോൾ , ഏറ്റവും ശക്തൻ സൂര്യനാണെന്നയാൾക്ക് തോന്നി . അയാൾ , സൂര്യനാവാൻ പ്രാർത്ഥിച്ചു .


സൂര്യനെ മേഘങ്ങൾ മറച്ചു , അപ്പോൾ അയാൾ മേഘമായി .മേഘത്തെ കാറ്റ് നീക്കി കളഞ്ഞു , അങ്ങനെ അയാൾ കാറ്റായി . കാറ്റ് ആഞ്ഞു വീശി . എന്നിട്ടും കാറ്റിനു തലവേദനയായി പാറ നിന്നു . പാറ അനങ്ങുന്നില്ല , അങ്ങനെ അയാൾ പാറയായി.

പാറയായി, ജീവിച്ചുകൊണ്ടിരിക്കുമ്പോൾ , എന്തോ ശക്തമായി വന്നിടിച്ചു . അതൊരു കല്പണിക്കാരനായിരുന്നു .

ഉള്ളതിന്റെ ബാലമറിയാത്തവനാണ് ഇല്ലാത്തതിന്റെ മഹിമ തേടുന്നത് . നമ്മുടെ കഴിവിനെ വളർത്തി പരിപോഷിപ്പിച്ചു വിജയം നേടുക . കുറവുകളെ മനസിലാക്കി ജീവിക്കുക . അപര മികവുകലെ സ്വന്തമാക്കാൻ ശ്രമിക്കുന്നവരെല്ലാം ആരുമാകാതെ അവസാനിക്കും . സ്ഥിരതയോ , ക്ഷമയോ ഇല്ലാതെ പറന്നു നടക്കുന്നവർക്ക് ഒരു മരക്കൊമ്പിലും കൂട്ടുകൂട്ടാനാകില്ല . കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകൾ പലതും കൃത്രിമമായിരിക്കും . അലഞ്ഞു തിരിയുന്ന സമയം മതി , സ്വന്തം പാദങ്ങളിൽ നിന്ന് , സ്വന്തം പാതകൾ തിരിച്ചറിയാൻ .




~~~~~~~~~~~~~~~~~~~~~~~~~~~~ ~~~~~~~~~~~~~~~~~~~~~~~~~~~~~~~ ~~~~~~~~~~~~~~~~~~~~~
~~~~~~~~~~~~~~~~~~~~~~~~~~~~



# ഒരു കഥ കേട്ടാലോ ....


ഓടുകയും , ചാടുകയും , സംസാരിക്കുകയും , ചിരിക്കുകയുമൊക്കെ ചെയ്യുന്ന റോബോട്ടുകൾ നമുക്ക് സുപരിചിതമായിരിക്കുന്നല്ലോ ... ഫുട്ബോൾ കളിക്കാനും , കാർ ഓടിക്കാനും , എന്തിനേറെ , ചായ കൊണ്ട് വരാൻ വരെ റോബോട്ടുകൾ എത്തിയിരിക്കുന്നു . അസിമൊവ് -നെ യോ , സോഫിയ-യെയോ , കണ്ടു കൊണ്ടിരിക്കുമ്പോൾ അവരുടെ പൂർവികരെ കുറിച്ചാലോചിച്ചിട്ടുണ്ടോ ? നാടോടികളായും , നദീ തടങ്ങളിൽ അലഞ്ഞും , കടലുകളും , വന്കരകളും താണ്ടിയും മനുഷ്യർ ലോകമാകെ പടർന്ന പോലെ , ചരിത്രത്തിന്റെ ഏത് ഗുഹാമുഖത്തു നിന്നാണ് റോബോട്ടുകൾ സഞ്ചാരം ആരംഭിച്ചതെന്ന് ?





(Sophia – World’s first Citizen Humanoid )

യന്ത്ര മനുഷ്യർ എന്നും മനുഷ്യന്റെ ഭാവനയിൽ ഉണ്ടായിരുന്നു . ശാസ്ത്രവും , സാങ്കേതിക വിദ്യയും ഒക്കെ വികസിക്കുന്നതിനു മുൻപ് തന്നെ ഗ്രീക്ക് മിത്തോളജി യിലെ യോദ്ധാക്കളുടെ നഷ്ടപ്പെട്ട ജീവന് പകരം നിൽക്കുന്ന അത്ഭുത രാസ നിർമിത യോദ്ധാക്കളുണ്ടായിരുന്നു . തൊണ്ണൂറുകളിൽ ജപ്പാനിൽ പ്രസിദ്ധിയാർജ്ജിച്ച കോമിക് പുസ്തകത്തിലെ "astro boy" എന്ന റോബോട്ട് കഥാപാത്രം ഏവർക്കും പ്രിയങ്കരനായിരുന്നു ; നമ്മുടെ ആൻഡ്രോയിഡ് കുഞ്ഞപ്പനെ പോലെ .



ആദ്യമായി "റോബോട്ട് " എന്ന പദം ഉപയോഗിക്കുന്നത് കാൾ കാപെക് ന്റെ "Rossum'സ് യൂണിവേഴ്സൽ Robots" എന്ന നാടകത്തിലാണ് . Czech ഭാഷയിലെ "നിർബന്ധിത ജോലി " എന്നർത്ഥം വരുന്ന പാദത്തിൽ നിന്നാണ് റോബോട്ട് ഉണ്ടാവുന്നത് . ഐസക് അസിമോവ് ആണ് "റോബോട്ടിക്സ് " എന്ന വാക് കൊണ്ടുവരുന്നത് .



തുടക്കത്തിൽ ഫാക്ടറികളിൽ ജോലി ചെയ്യാൻ നിർമ്മിച്ചെടുത്ത "ഇൻഡസ്ട്രിയൽ റോബോട്ട് " ആണ് വ്യാപകമായി ഉണ്ടായിരുന്നത് . യന്ത്ര കൈകൾ മാത്രമായോ , ചെറു യന്ത്രമായോ ഒക്കെ അവ തുടർന്നു . AI – Artificial Intelligence ന്റെ വരവോടെയാണ് റോബോട്ടിക് ഇക്കാണുന്ന രീതിയിൽ വിസ്മയകരമാവുന്നത് . "ഡ്രോൺ " പോലുള്ള ഉപകരണങ്ങൾക്, കൃത്രിമ ബുദ്ധിയും , വിവേചന മികവും കൈവരുന്നതോടെ അവ റോബോട്ടുകളുടെ തലത്തിലേക്ക് ഉയരുന്നു . മനുഷ്യന്റെ രൂപ ഭാവങ്ങളുള്ള "ഹ്യൂമനോയ്ഡ് " വരുന്നത് 1980'കളുടെ പകുതിയോടെ "ഹോണ്ട" നടത്തിയ P3 പ്രോജെക്ടിലൂടെയാണ് . "അസിമോ " യുടെ ഉല്പത്തി അവിടെ നിന്നാണെന്നു പറയാം .

ഇപ്പോൾ നമ്മൾ കാണുന്ന സ്വയം ഡ്രൈവ് ചെയ്യുന്ന കാറുകൾ "Lidar " sensing technology ഉപയോഗിച്ച പ്രവർത്തിക്കുന്നവയാണ് . Artificial Intelligence ന്റെ അനന്ത സാധ്യതകളിലൂടെ പ്രവർത്തിക്കുന്ന Atlas , Sport Mini , Pepper തുടങ്ങിയ സ്മാർട്ട് റോബോട്ടുകൾ നമ്മെ വിസ്മയിപ്പിച്ചുകൊണ്ടേയിരിക്കുന്നു .

- Research and write up by Little Kites (Std 9)
(with inputs from wikipedia and jounals )





# നെല്ലാറച്ചാൽ

വയനാട് ജില്ലയിലെ അമ്പലവയൽ പഞ്ചായത്തിലെ നെല്ലാറച്ചാൽ ഗ്രാമം . ഒരു കാലത് നെൽകൃഷിയിൽ പേരുകേട്ട , ഇപ്പോൾ കാരാപ്പുഴ ഇറിഗേഷൻ പദ്ധതിക്കായി ഭൂമി ഏറ്റെടുത്തതിനെ തുടർന്ന് , ഭൂരിഭാഗം വയലും നഷ്ടമായി വെള്ളം നിറഞ്ഞു കിടക്കുന്ന പ്രകൃതി രമണീയമായ സ്ഥലം .



നെല്ലാറച്ചാൽ എന്ന സ്ഥലനാമത്തിന്റെ പിന്നിലുള്ള ചരിത്രം ഇതാണ് . നെല്ലിന്റെ അറ - അഥവാ പ്രധാന കേന്ദ്രം , കവല എന്ന പഴയകാല നാടൻ പ്രയോഗമായ ചാൽ , എന്നിവ ചേർത്ത് നെല്ലാറച്ചാൽ എന്ന പേര് വന്നു . നിലമ്പൂർ കോവിലകത്തിന്റെ ഭരണത്തിനു കീഴിൽ കർഷകർ വലിയ തോതിൽ കൃഷി ചെയ്തു കപ്പം നൽകാനായി നെല്ല് ശേഖരിച്ച് വെക്കുന്ന വലിയ പത്തായ പുര വരെ , പഴമക്കാരുടെ ഓർമ്മകളിലുണ്ട് .

രണ്ടിൽ കൂടുതൽ കുന്നുകൾക്കിടയിലുള്ള ദേശമാണ് നെല്ലാറച്ചാൽ . തെക്കു ഭാഗത്തു നിന്നും വടക്കോട്ട് ഒരു തോണിയുടെ ആകൃതിയിൽ തുടങ്ങി മറുഭാഗം ഒരറ്റം മുറിച്ചാൽ എന്ന പോലെയാണ് ഈ സ്ഥലത്തിന്റെ കിടപ്പ് .
അതിനാൽ തന്നെ ചുറ്റുവശത്തു എവിടെ മഴ പെയ്താലും ഇവിടെ വെള്ളം കുതിച്ചെത്തി ഒഴുകുന്നു . ഈ സാധ്യതയാണ് കാരാപ്പുഴ ഡാമിന്റെ ഉല്പത്തിക്ക് പിന്നിൽ .



നെൽവയലുകളാൽ  സമൃദ്ധമായിരുന്ന പഴയ കാലത്ത് വെള്ളം കെട്ടികിടക്കുന്ന "തലകുളമെന്ന " പഴമക്കാർ പറയുന്ന വലിയ കുളങ്ങൾ വരെ ഈ നാട്ടിൽ ഉണ്ടായിരുന്നു . അവയ്ക്ക് ചുറ്റും കാവ് പോലെ ജൈവ വൈവിധ്യത്താൽ സമ്പന്നമായ ഇടങ്ങളും ഇവിടെ ഉണ്ടായിരുന്നുവത്രെ !

എന്നാലിന്ന് കാരാപ്പുഴ ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയായി മാറിയതോടെ , ഇവിടം വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു . കാരാപ്പുഴ പദ്ധതിക്കായി ഒഴിപ്പിക്കപ്പെട്ട ധാരാളം ആളുകൾ മറ്റു സ്ഥലങ്ങളിലേക്ക് ചേക്കേറിയിരിക്കുന്നു . ശേഷിച്ചവർ ഇവിടെയും .



കൃഷിയും കന്നുകാലി വളർത്തലുമായി ഉപജീവനം നടത്തിയവരായിരുന്നു നെല്ലാറച്ചാൽ നിവാസികൾ . നെല്ലും , പച്ചക്കറിയും കൃഷി ചെയ്തു ജീവിച്ചിരുന്നവർ , ഇന്ന് മീൻപിടിത്തത്തിലേക്ക് തിരിഞ്ഞ കാഴ്ചയാണ് കൂടുതലായും കാണാനുള്ളത് . വളരെ സാധാരണക്കാരും , പിന്നാക്കാവസ്ഥയിൽ കഴിയുന്ന ജനവിഭാഗങ്ങളുമാണ് കൂടുതലും . വികസനത്തിന്റെ കരാള ഹസ്തങ്ങൾ പിടിമുറുക്കാത്ത നെല്ലാറച്ചാൽ ഇന്നും ഗ്രാമീണതയെ കൈവിടാതെ കാത്ത് സൂക്ഷിക്കുന്നു .





# കടങ്കഥ



കളിക്കാൻ പോകുമ്പോൾ കുഴഞ്ഞു കുഴഞ്ഞു .

പപ്പടം .

പിന്നാലെ വന്നവൻ മുന്നാലെ പോയി

പല്ല്

അമ്പാട്ട് പട്ടിക്ക് മുമ്പോട്ടു വാല്

ചിരവ

അപ്പം പോലെ തടിയുണ്ട് , അല്പം മാത്രം തലയുണ്ട് .
ആമ

ആരും കാണാതെ വരും , ആരും കാണാതെ പോകും
കാറ്റ്

അടയ്ക്കും , തുറക്കും , കിങ്ങിണി പത്തായം
കണ്ണ്

അകന്നു നിന്ന് നോക്കി കാണും , കണ്ടതെല്ലാം ഉള്ളിലാക്കും
ക്യാമറ

അടിച്ചാൽ അടിയേൽക്കില്ല , വെട്ടിയാൽ വെട്ടേൽക്കില്ല
വെള്ളം



ഇത്തിരി മുറ്റത്തു അഞ്ചു കാവൽക്കാർ
കൈവിരൽ

എന്റെ തോട്ടത്തിലെ പൂക്കൾ , എന്നീട്ടും എന്നീട്ടും തീരുന്നില്ല .
നക്ഷത്രങ്ങൾ

ആശാരി മൂശാരി ചെത്താത്ത മരം , വെള്ളത്തിൽ ഇട്ടാൽ ചീയാത്ത മരം
മുതല

നിലം കീറി പോന്നെടുത്തു

മഞ്ഞൾ

രാവിലെ നാല് കാൽ , ഉച്ചക്ക് രണ്ടു കാൽ , വൈകുന്നേരം മൂന്ന് കാൽ

മനുഷ്യൻ

പേര് പോയാൽ , പേര് തിരിച്ചുവരും

ശ്മശാനം

കൊക്കിരിക്കും കുളം വറ്റി വറ്റി

വിളക്ക്

അടി പാറ , നാട് വടി, മീതെ കുട

ചേന

ആനയെ തളയ്ക്കാൻ താടിയുണ്ടു , കടുക് പൊതിയാൻ ഇലയില

പുളിമരം

ഒരു കുടയിൽ രണ്ടു മുല്ല മാല

പല്ല്



# മഴ ഒരു വരം

നന്ദന കെ എം

**ഒരിടത്ത്  ഒരിടത്ത് ഒരു കാട്ടിൽ ശക്തിമാനായ ഒരു സിംഹവും , അതിന്റെ പ്രജകളും ജീവിച്ചിരുന്നു . കരടിയും , മാനും , മുയലും , പെരും പാമ്പും , അങ്ങനെ നാനാതരാം ജീവികളും ജീവിച്ച**



വരെയാണ് , അവിടത്തെ പുഴകളെല്ലാം വറ്റി വരണ്ടത് . വെള്ളമായ വെള്ളമെല്ലാം വറ്റിയപ്പോൾ കുഞ്ഞി തവളകളും , സ്വർണ മീനുകളും ഒക്കെ ചത്തു തുടങ്ങി . കരടി കുട്ടന്മാരും , മാൻ കുട്ടികളും എല്ലാം ദാഹിച്ച നിലവിളിക്കാൻ തുടങ്ങി . അമ്മമാരായ അമ്മമാരെല്ലാം വെള്ളം തേടി കാട്ടിലും , നാട്ടിലും എല്ലാം അലഞ്ഞു നടന്നു . വരണ്ട അരുവികൾ നോക്കി അവർ സങ്കടപ്പെട്ടു .പതിയെ മൃഗങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങി . മഴ എന്ന് വരുമെന്ന് നോക്കി കുരങ്ങച്ചന്മാർ കൊമ്പുകൾ തോറും ഇരിപ്പായി .

ഏറ്റവും ശക്തൻ താനാണെന്ന് കരുതിയ സിംഹ രാജന് , അന്നാണ് മനസിലായത് , ഇത്തിരി പോന്ന മഴത്തുള്ളിയാണ് തന്നിലും ശക്തനെന്നു . സിംഹ രാജൻ എല്ലാ ജീവികളെയും വിളിച്ച ചേർത്തു. അവർ ഒന്നിച്ച പ്രതിജ്ഞ ചെയ്തു , ഇനി ആരെയും മരം വെട്ടാൻ അനുവദിക്കില്ലെന്ന് .

പിന്നെയും , നാളുകൾ ഏറെ കഴിഞ്ഞപ്പോൾ , ഒരു ദിവസം , മരക്കൊമ്പത്ത് തളർന്നുറങ്ങിയിരുന്ന കുരങ്ങച്ചന്റെ മുഖത്തൊരു തണുത്ത മഴതുള്ളി വന്നു വീണു ... ഒന്ന് , രണ്ട് , മൂന്ന് ... അങ്ങനെ എണ്ണിയാൽ തീരാത്തത്ര മുത്തുകളായി മഴത്തുള്ളികൾ പെയ്തു തുടങ്ങി . സിംഹവും കരടിയും , മാനും എല്ലാം വലിയ സന്തോഷത്തിലായി . അവിടുത്തെ പുഴകളും , അരുവികളുമെല്ലാം നിറഞ്ഞൊഴുകി തുടങ്ങി ... കുഞ്ഞി തവളകൾ പിന്നെയും പാട്ടു പാടി മഴയെ സ്വാഗതം ചെയ്തു . സ്വർണ മീനുകൾ നീന്തി കളിച്ചും , മയിലുകൾ നൃത്തം ചവിട്ടിയും , അവരുടെ ലോകം ഹൃദ്യമാക്കി .

## എന്റെ അമ്മ

- ജോഷിമ ഷാജി



നെറുകയിൽ തലോടി
ഉമ്മ നൽകുന്ന
സ്നേഹമാണെന്റെ 'അമ്മ

ജീവിത സൗഭാഗ്യങ്ങളിൽ
എന്നും എന്റെ
ഒപ്പമുണ്ടാകണം അമ്മ ....

എന്റെ തണലായും
നിഴലായും ഒപ്പം
ഉണ്ടാകണം അമ്മ

# പുലി വരുന്നേ പുലി




കുട്ടികളിൽ ഭാഷാ പരിചയം വളർത്താൻ സഹായിക്കുന്ന കൊച്ചു കഥകളുടെ സമാഹാരമാണ് ഈ പുസ്തകം . അവർക്ക് വായിച്ചു കേൾക്കാനും , സ്വയം വായിച്ചു ആസ്വദിക്കാനും , ഉതകുന്ന തരത്തിൽ വളരെ ലളിതമായാണ് ഓരോ കഥയും അവതരിപ്പിച്ചിരിക്കുന്നത് . അവരുടെ ഭാവനയുടെ ഇതളുകൾ വിരിയിപ്പിക്കുന്ന ഒരു ബഹുവർണ സചിത്ര പുസ്തകമാണിത് .

- വൈഗ വേണുഗോപാൽ

**പുസ്തക പരിചയം :**

- വൈഗ വേണുഗോപാൽ

## "ലിറ്റിൽ വിമൻ "





പ്രശസ്ത അമേരിക്കൻ സാഹിത്യകാരി ലൂയിസ മെയ് ആൽക്കോട്ടിന്റെ രചനകളിൽ ശ്രദ്ധേയമായ ഒന്നാണ് "ലിറ്റിൽ വിമൻ ". മെഗ് , ജോ , ബേത്ത് , ആമി , എന്നീ കുട്ടികളുടെ ബാല്യത്തിൽ നിന്നും യൗവ്വനത്തിലേക്കുള്ള സംഭവബഹുലമായ യാത്രയാണ് ഈ കൃതിയിലെ പ്രതിപാദ്യം .

കഥാകാരിയുടെയും , അവരുടെ മൂന്ന് സഹോദരിമാരുടെയും ജീവിതവുമായി ഇതിലെ കഥയും കഥാപാത്രങ്ങളും ഏറെ ബന്ധപെട്ടു കിടക്കുന്നു .

ക്രിസ്മസ് സമ്മാനം , അച്ഛന്റെ പൊന്നോമനകൾ , നവ വത്സരാഘോഷം , ഏകാകിയായ ബാലൻ , അയൽവീട്ടിലെ വിസ്മയം , ദൈവത്തിന്റെ സമ്മാനം , തുടങ്ങിയവ കഥാകാരിയുടെ രചനകളിൽ ചിലതാണ് . ലോക ക്ലാസിക്കുകൾ ഇഷ്ടപ്പെടുന്ന വായനക്കാർക്ക് , ഏറെ പ്രിയങ്കരമാവുന്ന രചനാ ശൈലിയാണ് ലൂയിസ മേയുടേത് .





# അമ്മ

ലാളിച്ചു പെട്ടുപോറ്റിയിട്ടെന്നമ്മ
അന്ധയാശ്വാസം  വലിക്കുവാൻ  മേലെ
അമ്മയുടെ വാത്സല്യം കിട്ടുവാൻ വേണ്ടി
അമ്മയുടെ അരികിൽ ഞാൻ ചെന്നിരുന്നു
കട്ടിലടികളിക്കുന്ന ചെടിയെ ഞാൻ
നോക്കി നോക്കിയിരുന്ന കാലം
അമ്മയുടെ വരവിനായി
ഞാൻ കാത്തിരുന്നതും
എന്നുമാ സ്വപ്നത്തിന് ഉുവലായ്
മാറോട്ടു ചേർത്തൊളിപ്പിച്ചു എന്നമ്മ
മാറിലെ ജീവനായി മാറിയമ്മ



നെഞ്ചിലെ തീയണക്കന്നോരമ്മ
ഈലോകത്തിന് ജീവനമ്മ



**ഗോപിക .കെ. ജി**

# എന്റെ വീട്

നല്ലനല്ലവീട്
എന്തുനല്ലവീട്
അമ്മയുണ്ട്വീട്ടിൽ
അച്ഛനുണ്ട്വീട്ടിൽ
ചന്തമുള്ളവീട്

ഞാൻജനിച്ചവീട്
എത്രയെത്രസുന്ദരം
എന്റെകൊച്ചുവീട്

-റിൻഹ ഫാത്തിമ



# *PHOTO GALLERY*






signal
tank
PUMP
ground water
ground level
SC-H-SM3







***WE***






മഞ്ഞപ്പിത്തം തടയാം



SANKAR SUPER POWER




അവന്തിക . വി . R
VII - B


Name:- അതുല്യ കെ . എസ്
Std:- VI
Div:- B

*Thank You !*



*Thank you !*